**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **4509** 22.07.2015-ൽ മറുപടിക്ക്.

## കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ.വി.പി. സജീന്ദ്രൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ;<br><br>(ബി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;<br><br>(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്? | : (എയും, ബിയും, സിയും)<br><br>സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം തീയതി 24.02.2014 പ്രകാരം നിലവിൽ വന്ന കേരള വിക്ടിം കോമ്പൻസേഷൻ സ്കീമനുസരിച്ച് ടി സ്കീമിൽ അനുബന്ധമായി ചേർത്തിരിക്കുന്ന കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്കോ/ആശ്രിതർക്കോ സ്കീമിന്റെ നിബന്ധനകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിയ്ക്കുവാൻ അർഹതയുണ്ടായിരിക്കും. ഈ സ്കീമനുസരിച്ച് നിലവിൽ ഇതുവരെ ആർക്കും നഷ്ടപരിഹാരം അനുവദിച്ചിട്ടില്ലാത്തതാണ്. വിക്ടിം കോമ്പൻസേഷൻ സ്കീം പ്രാവർത്തികമാക്കുന്നതിനായി വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 1000 രൂപ 'Token provision' ആയി അനുവദിച്ചിട്ടുണ്ട്. അധിക ഫണ്ടിനായി ധനകാര്യവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>ടി സ്കീമിന്റെ നിയന്ത്രണവും, ഭരണവും ഒപ്പം പുരോഗതി വിലയിരുത്തലും നടത്തുന്നതിന് ആഭ്യന്തര വകുപ്പിനെയാണ് Nodal Department ആയി തീരുമാനിച്ചിരിക്കുന്നത്. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ചുമതല 'Member Secretary Kerala State legal Services Authority യ്ക്കാണ് നൽകിയിരിക്കുന്നത്. |

Rema.V
സെക്ഷൻ ഓഫീസർ